**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6127** **17-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം തണ്ണീർത്തടമെന്നതിനാൽ വ്യവസായ പാർക്കിന് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികളെ സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്;<br><br>കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം റവന്യൂ രേഖകൾ പ്രകാരം “നിലം” ഇനത്തിൽപ്പെട്ടതായതിനാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - 2008-ന്റെ പരിധിയിൽ നിന്നും മാറ്റികിട്ടുന്നതിനുവേണ്ടി കിൻഫ്ര സമർപ്പിച്ച അപേക്ഷ ചില വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്ന പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ നിരസിച്ചുകൊണ്ട് പകരം മറ്റു ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകൈ എടുക്കേണ്ടതാണെന്ന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി 29.01.2018 ൽ കൂടിയ നടപടി യോഗത്തിൽ തീരുമാനിച്ചിരുന്നു. |
| (ബി) | തണ്ണീർത്തടങ്ങൾ അപ്രകാരം നിലനിർത്തിക്കൊണ്ട് പ്രയോജനപ്രദമാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കിൻഫ്ര തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - 2008-ന്റെ പരിധിയിപ്പെട്ടതായതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ